**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1711 08.06.2018 ലെ മറുപടിക്ക്

## തിരുവനന്തപുരം കോർപ്പറേഷനിലെ വാർഡുകൾ റെഡ് സോണിൽ ഉൾപ്പെടുത്തിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ് | | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | സുരക്ഷാ കാരണങ്ങളാൽ വിമാനത്താവള അതോറിറ്റി തിരുവനന്തപുരം കോർപ്പറേഷനിലെ ഇരുപത് വാർഡുകൾ റെഡ് സോണിൽ ഉൾപ്പെടുത്തിയ നടപടി പുന:പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പുതുക്കിയ നിബന്ധനപ്രകാരം എത്ര വാർഡുകളെയാണ് റെഡ് സോണിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയ പുതുക്കിയ കരട് കളർ കോഡഡ് സോണിംഗ് മാപ്പ് പ്രകാരം ഒരു വാർഡ് മുഴുവനായും 9 വാർഡുകൾ ഭാഗികമായും റെഡ് സോണിൽ ഉൾപ്പെടുന്നു. |
| (സി) | മഞ്ഞ സോണിൽ ഉൾപ്പെടുത്തിയ വാർഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; പ്രസ്തുത വാർഡുകളിൽ കോർപ്പറേഷന് വിമാനത്താവള അതോറിറ്റിയുടെ അനുമതി കൂടാതെ സ്വന്തം നിലയ്ക്ക് കെട്ടിട നിർമ്മാണ അനുമതി നൽകുവാൻ സാധിക്കുമോ; | (സി) | വെട്ടുകാട്, കണ്ണാന്തുറ, ബീമാപ്പള്ളി ഈസ്റ്റ്, ബീമാപ്പള്ളി, കമലേശ്വരം, കല്ലുംമൂട്, ചാക്ക എന്നീ വാർഡുകളാണ് മഞ്ഞ സോണിൽ ഉൾപ്പെടുന്നത്. പുതുക്കിയ കരട് കളർ കോഡഡ് സോണിംഗ് മാപ്പ് പ്രകാരം സമുദ്രനിരപ്പിൽ നിന്നും ശരാശരി 20 മീറ്റർ വരെ ഉയരമുള്ള നിർമ്മാണങ്ങൾക്ക് നഗരസഭയ്ക്ക് തന്നെ അനുമതി നൽകാവുന്നതാണ്. |
| (ഡി) | നിലവിൽ റെഡ് സോണിൽ ഉൾപ്പെട്ടിട്ടുള്ള വാർഡുകളിൽ കെട്ടിട നിർമ്മാണത്തിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | കളർ കോഡഡ് സോണിംഗ് മാപ്പ് അനുസരിച്ച് റെഡ് സോണിൽ ഉൾപ്പെടുന്ന എല്ലാ നിർമ്മാണങ്ങൾക്കും എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**